Draft #1 of File AcAIV/2/MBA INTERNSHIP & PROJECT 2020 Approved by ASSISTANT REGISTRAR II (ACADEMIC) on 02-May-2020 04:04 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ നടത്തുന്ന എം.ബി.എ ഡിഗ്രി കോഴ്സ് - 2019 അഡ്മിഷൻ ബാച്ച് രണ്ടാം സെമസ്റ്റർ Internship, 2018 അഡ്മിഷൻ ബാച്ച് നാലാം സെമസ്റ്റർ പ്രോജക്ട് എന്നിവ ഓൺലൈനായി ചെയ്യുന്നതിനുള്ള എം.ബി.എ എക്സ്പേർട്ട് കമ്മിറ്റിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ ശുപാർശ - അംഗീകരിച്ച് - ഉത്തരവാകുന്നു

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 1916/AC A 4/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 02.05.2020

---

*പരാമർശം:-*എം.ബി.എ എക്സ്പെർട് കമ്മിറ്റിചെയർമാൻ 16.4.2020 ൽ സമർപ്പിച്ച അപേക്ഷയും അനുബന്ധ ശുപാർശകളും

**<u>ഉത്തരവ്</u>**

കോവിഡ് -19 പാൻഡെമിക്കുമായി ബന്ധപ്പെട്ട് രാജ്യവ്യാപകമായി ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ, മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ നടത്തുന്ന എം.ബി.എ ഡിഗ്രി കോഴ്സിന്റെ 2020 ഏപ്രിൽ മെയ് മാസങ്ങളിലായി നടക്കേണ്ടിയിരുന്ന രണ്ടാം സെമസ്റ്റർ വിദ്യാർത്ഥികൾക്കുള്ള ഇന്റേൺഷിപ്പും, നാലാം സെമസ്റ്റർ വിദ്യാർത്ഥികൾക്കുള്ള പ്രശ്ന കേന്ദ്രീകൃത പഠനവും (പ്രോജക്റ്റ്) ടി കോഴ്സിന്റെ നിലവിലുള്ള റെഗുലേഷൻ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം നടത്താൻ കഴിയാത്ത സാഹചര്യമാണ് സംജാതമായിട്ടുള്ളത്.

ടി വിഷയം എം.ബി.എ ഡിഗ്രി കോഴ്സിന്റെ എക്സ്പേർട്ട് കമ്മിറ്റി ചർച്ച ചെയ്യുകയും ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ ഇന്റേൺഷിപ്പും, നാലാം സെമസ്റ്റർ പ്രോജക്റ്റും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള വിശദമായ മാർഗനിർദ്ദേശങ്ങൾ മേൽ പരാമർശം പ്രകാരം അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. ടി വിഷയം പ്രത്യേക കേസായി പരിഗണിച്ച് 2020 ഏപ്രിൽ മുതൽ ജൂൺവരെയുള്ള കാലയളവിൽ ഇന്റേൺഷിപ്പും പ്രോജക്ടും പൂർത്തീകരിക്കേണ്ട എം ബി എ കോഴ്സ് വിദ്യാർത്ഥികൾക്ക് അത് ഓൺലൈനായി ചെയ്യുന്നതിനും, അനുബന്ധ റിപ്പോർട്ട് സമർപ്പിച്ച് സമയബന്ധിതമായി കോഴ്സ് പൂർത്തീകരിക്കുന്നതിനുമുള്ള താഴെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളാണ് വിദഗ് ധസമിതി (ബിസിനസ് മാനേജ്മെന്റ് ) സമർപ്പിച്ചത് .

**Guidelines for doing Internship for the 2nd semester students and Problem centered study (Project) for the 4th semester students of MBA programme in the affiliated colleges of the University in the year 2020 .**

i. In the light of directions given by AICTE in the pretext of COVID -19 pandemic, so as to utilise the time of students productively, and to avoid the problem of lagging of MBA Programme, students may be permitted to do Internship and Project by using online resources, as per the schedule fixed earlier so that the programme may be completed timely.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File AcAIV/2/MBA INTERNSHIP & PROJECT 2020 Approved by ASSISTANT REGISTRAR II (ACADEMIC) on 02-May-2020 04:04 PM - Page 2

ii. Students who already got permission from companies to do Internship/ Project Online, may be permitted to go ahead with Internship /Project in such companies.

iii. Students who got permission to do Internship/Project (having letter of confirmation from the company), and such companies which are neither cancelling nor granting permission to do Internship/Project online, can collect data by contacting the company officials in their respective companies. For instance, data pertaining to Company profile, Company's products, Customers, Competitors, Collaborations, CSR Activities, Export/Import, Financial data, Industry Analysis, Strategies adopted by the company, Future expansion etc. This has to be done strictly in consultation with the Faculty guide/ Faculty Advisor.

iv. Students who were unable to get the confirmation from Companies, or whose permission was cancelled by the Companies can visit the website of any major company and collect secondary data as mentioned above. This has to be done strictly in consultation with the Faculty guide/ Faculty Advisor. In such cases, it is to be ensured that no two students do their work on the same Company.

v. For problem centered study (Project), the topic and methodology may be decided in consultation with the Faculty Guide.

vi. The Reports of Internship and Project shall have a separate chapter titled “Discussion”. This may include a very objective assessment of the Company and industry (for instance, where the company chosen for study fare in the industry, what are the competitive advantages of the company and so on and so forth), based on facts collected by the student. This will be purely the students contribution and due weightage should be given for this chapter during the evaluation process.

vii. Students are not likely to get certificate regarding Internship/ Project from companies. Hence, Principal/ Head of the Institution may issue a Certificate of Internship / Project completion duly signed by the Faculty Guide/ Faculty Advisor and the same can be attached to the Project Report.

viii. In all cases, the last date for submission of final report of internship may be fixed as 31st May 2020 and that of Project may be fixed as 10th June 2020.

നിലവിലെ പ്രത്യേക സാഹചര്യത്തിൽ, 2020 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ ഇന്റേൺഷിപ്പും (രണ്ടാം സെമസ്റ്റർ), പ്രോജക്ടും (നാലാം സെമസ്റ്റർ) പൂർത്തീകരിക്കേണ്ട സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ എം ബി എ വിദ്യാർത്ഥികൾക്ക് വേണ്ടി മാത്രമായി കോഴ്സിന്റെ എക്സ്പേർട്ട് കമ്മിറ്റി സമർപ്പിച്ച ടി ശുപാർശകൾ വിശദമായി പരിശോധിച്ച വൈസ് ചാൻസിലർ ആയത് പ്രത്യേക കേസായി പരിഗണിച്ച്, മഹാത്മാഗാന്ധി സർവ്വകലാശാല നിയമം അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായി .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പി. എസ് ടു വി.സി / പി.വി.സി
2. പി. എ ടു രജിസ്ട്രാർ / പരീക്ഷ കൺട്രോളർ
3. ചെയർമാൻ / മെംബേഴ്സ് (എം.ബി.എ ,എക്സ്പേർട്ട് കമ്മിറ്റി )
4. പ്രിൻസിപ്പാൾ, ബന്ധപ്പെട്ട കോളേജുകൾ(വിദ്യാർത്ഥികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതിന്
5. ജെ.ആർ/ ഡി.ആർ / എ.ആർ (പരീക്ഷ / അക്കാദമിക് )
6. ഇ.ഐ 7/35/ 40 സെക്ഷനുകൾ
7. ഇ ബി 5 സെക്ഷൻ
8. എ സി സി I / II സെക്ഷനുകൾ
9. കണ്ടന്റ് മാനേജ്മെൻറ് സെക്ഷൻ
10. റെക്കോർഡ് സെക്ഷൻ / ഫയൽ കോപ്പി / സ്റ്റോക്ക് ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File AcAIV/2/MBA INTERNSHIP & PROJECT 2020 Approved by ASSISTANT REGISTRAR II (ACADEMIC) on 02-May-2020 04:04 PM - Page 3